സുലളിതമവിടെ കാണാസ്സുന്ന കലിതയകുതൂഹ
ലമന്യഗൃഹത്തിൽ കലിമുനിയെചന്നുകരേറും നേ
രം ജലജദളേക്ഷണനേവംനല്ലൊരു ചലമിഴിയെ
നിജമടിയിലിരുത്തി മലയപങ്കജകുംകുമകളഭം
മുലകളിലണിയിക്കുന്നതുകണ്ടു കലഹപ്രിയമുനി
താനഥമറെറാരു നിലയംതന്നിൽചെല്ലുന്നേരംവ
ലരിപുസഹജനൊരംഗനതന്നുടെ മുലയിണമെ
ല്ലത്തൊട്ടു തംലൊടി കലഹിക്കരുതെ കാമിനിനി
ന്നുടെ മുലയിണയാണമറെറാരുനാരിയെ ബല
നംചെയ്തില്ലാശ്രുസുശീല്യേകലുഷതകളകളകള്ളമൊ
ഴിമൊലെ കലദൈവതമെവരികസമീപേ ബല
ഭദ്രാനുജനിങ്ങിനെയവളൊടുപലമൊഴി ഹന്ത
കനിഞ്ഞു പറഞ്ഞുകലഹംതീൎത്തുടനവടെ ലല
ടെ തിലകക്കുറിചേൎന്നതുകണ്ടു തട്ടിശിമറെറാ
രു ഗെഹെകൃഷ്ണൻ മദ്ദളമൊത്തിപദവ്യംപാടി പ
ദ്യംചൊല്ലി പ്പൊരുളരുളീടിന വിദ്യവിനോദവി
ഹീനൻകണ്ടാൻ രോഷമകനാഥമറെറാരു ഭവ
നെവിശേഷമതറിവാൻചെല്ലുംനേരം

മല്ലാരിദേവനൊരു മല്ലാക്ഷിയൊടുംകൂടി മു
ല്ലായുധവിശിഖ മുല്ലാസത്തൊടുംകൂടി മെല്ലെവ
രികതടവില്ലേത്തുമെന്നുമലർവില്ലേന്തിവരുന്നൊരു
മല്ലൻമദനനെന്നൊ കൊല്ലുന്നതിന്നുമുമ്പെതെല്ലും
മടികൂടാതെവെല്ലും പഞ്ച ദാരയും വെല്ലുമധരമ
ത്തുമെല്ലെണ്ണ തരികനീകില്ലൊന്നുമിന്നുവേണ്ടാ ന
ല്ലന്തിനേരമൊരുവല്ലന്തിയുണ്ടാക്കാതെ നില്ല
ന്തികേമനസി കില്ലേന്തിയുഴലുന്നു കാമവല്ലിനീ
യന്ന്യേഗതിയില്ലനമുക്കിന്നു

ഇങ്ങിനെയൊരുപുരി തന്നിൽമുകുന്ദനൊരംഗ

ഷിച്ചുകൊടുക്കുന്ന വേലയെല്ലാമെടുക്കുന്നോർക്കു
കൂലി കൊടുക്കുന്നതിനുമേത്തും മടിയ്ക്കുന്നോരില്ലി
ക്കാലം

തരുണീകലമണി ഭാമവസിക്കും പുരമതി
ൽ മരുവിനൊരുരുതര സുരതര ധനവസ
നാദികളെല്ലാം തെരുതെരെയങ്ങു കൊടുക്കും
താനും തെരുവുകൾ വീടുകൾനാടുകളെല്ലാം
പെരുകിന ധനധാന്യാദികൾ കൊണ്ടിഹ പരി
പൂർണ്ണാമൃതമായ്വന്നിതുബത നരവരസുന്ദരിരുഗ്മി
ണിബാലെ ഇതരമുരുതരസുരവൃക്ഷത്തെ സത്വ
രമിങ്ങിഹകൊണ്ടുവന്നപ്പോൾപത്തുസഹസ്രവുമാ
റുസഹസ്രവുമുത്തമകാമിനിമണികളിലാക്കും ഉ
ത്തമപുരുഷൻതാനും ചെയ്തില്ലതൊഴിൽ കൊള്ളാ
മായതുപോലെ എട്ടുവധുക്കളിലേററം മുരഹര നി
ഷ്ടയതായൊരുരുഗ്മിണിനിന്നുടെവീട്ടിലെമുററാത്ത
മരദ്രുമമതു നട്ടനന്നപ്പാൻനിന്നുടെവല്ലഭ നൊട്ടും
കനിവില്ലാഞ്ഞതുകഷ്ടം ഹന്തനിനക്കതരാഞ്ഞ
തിനെക്കാളന്താപമവൾക്കുകൊടുത്തതു കൊ
ന്നതിനെക്കാൾ കോതപിറക്കൽ ചെന്നുവിളിക്കു
ന്നതുബഹുദുഃഖം ഇത്തരമേഷണിക്കുട്ടിമുനീന്ദ്രൻ
സത്വരമങ്ങുഗമിച്ചോരുശേഷം ബുദ്ധിക്ഷയവും
പൂണ്ടഥരുഗ്മിണി ക്രുദ്ധിച്ചവിടെത്തന്നുടെഭവനെ
കതകുമടച്ചുകിടക്കുന്നേരം കടൽനിറമുടയവന
ങ്ങെഴുന്നെള്ളി.

(പദം) ബന്ധൂകാധരിമാർക്കുപ്പും ബന്ധുരാംഗി
വാതിൽബന്ധിച്ചുകിടപ്പാനെന്തൊരുബന്ധംബാ
ലെ അന്തിനേരവുമിരുട്ടും വന്നുകൂടിനിന്റെ അ
ന്തികംശയിപ്പാനെല്ലോ വന്നുഞാനും എന്തിന്ന

കലഹിക്കുന്ന കല്യാണാംഗീകൃഷ്ണൻ എന്തൊരുപി ഴചെയ്തിട്ടോ ളെന്നചൊൽകാ മാരന്റെശരങ്ങ ളേററുമാഴ്കുമെന്നുടെചിത്തംത്തരെന്റെമാലറി യുന്ന നീയല്ലാതെ പന്തിടഞ്ഞപോർമുലകൾ പു ൽകാനെല്ലോ വന്നു മന്തിഗാമിനിനിൻകാന്തൻ വാസുദേവൻ മററുള്ള മാനിനിമാരെ കൈവെടി ഞ്ഞു ഞാനും മുററുംനിന്നോടു രമിപ്പാനെല്ലോ വന്നു കുറമെന്തിനിക്കുബാലെ കൂറില്ലാതാഴുന്നു തെററന്നു കതകടപ്പാനെന്തുമൂലം പാരമുണ്ടു പ രിതാപം പങ്കജാക്ഷി ബാലെ പാരാതെവാതൽ തിറക്ക രുഗ്മിണീനീ.

ഇങ്ങിനെമധുരിപുതന്നുടെവചനം തിങ്ങിനക ലഹത്തോടെകേട്ടഥ മങ്ങിനമുഖവും താഴ്ത്തിയിരു ന്നു കലങ്ങിനവചസാ രുഗ്മിണിചൊന്നാൾ.

വണ്ടാർകുഴലിമാരെ കൊണ്ടാടിവിനോദിപ്പാൻ പണ്ടൊരുമേവമില്ലല്ലൊ പണ്ടൊരുമേവ മില്ലല്ലൊ അംബുജമധുപാനമാദരിക്കുന്ന ഭൃംഗംനിംബത്തെ കാംക്ഷിച്ചീടുമോ നിമ്മലാകാര നിംബത്തെ കാം ക്ഷിച്ചീടുമോ പാരാതെതന്നെ പതിനാറായിരം നാരിമാർ വേറായ്നിനക്കുമുണ്ടല്ലൊ വേദാന്തമൂ ത്തേ വേറായ്നിനക്കുമുണ്ടല്ലൊ പാരിജാതത്തെ നൽകി പാലിച്ചു വെച്ചിരിക്കും വാരിജാക്ഷി ഞാനല്ലല്ലൊ വാരിധിവണ്ണ വാരിജാക്ഷിഞാന ല്ലല്ലൊ ദിവ്യസ്ത്രീയോടുകൂടി ദിവ്യകുസുമംചൂടിനി വ്വ്യാജ ക്രീഡ ചെയ്യാലും നീരജനേത്ര നിവ്വ്യാജ ക്രീഡചെയ്യാലും സാരങ്ങളായുള്ളൊരു ദാരങ്ങൾ നിൻവരവും പാരംകൊതിച്ചുമേവുന്നു പാരാതെ പോക പാരംകൊതിച്ചുമേവുന്നു.

ഘോദരനാശ്ശു പറന്നുതിരിച്ചുതുടങ്ങിനെന്നുവിളിച്ചു
ഉൾചെയ്തുഹന്തമാനെന്നുടെഗരുഡൻ ഖേദിക്കേ
ണ്ടാ എന്നെപൊരുതുജയിപ്പാനിപ്പോൾമന്നിലൊ
രുത്തരു മതിയാകില്ലാ എന്നതുകാരണ മെന്നൊട്ട
തോററതി നെന്നുടെഗരുഡനൊരവമതി വേണ്ട
ഞങ്ങൾ പരാക്രമ മില്ലാഞ്ഞല്ലിഹ ഭംഗംവന്നു ഭവി
ച്ചുസഖെ തവതുംഗപരാക്രമനാകിയ മനുകുലപും
ഗവരാമസ്വാമികടാക്ഷം കൊണ്ടു നമുക്കു വിശേ
ഷതയുണ്ടതു കൊണ്ടുഭവാനു മറിഞ്ഞീടേണംരണ്ടു
വിധംവാക്കില്ലനമുക്കു പണ്ടുമിദാനീമില്ലൊരുഭേ
ദം ധ്രുവാമെന്നുടെ രഘുകുലനായകൻ ഒരുവാക്കി
പ്പോൾചൊല്ലിയതച്ചാൽ വരുമാറാൻ സംശയമി
ല്ലിഞ്ഞായതുമൊരുവാക്കങ്ങു ധരിപ്പിക്കേണംസജ്ജ
നസഭയിലിരുന്നാരുള്ളകിലുംദുർജ്ജനസഭയിലിരുന്ന
രുള്ളകിലും അജ്ജനകസുതാപതിയരുൾ ചെയ്യാ
ലവിടെനമുക്കുവരാൻകുറവില്ലാ ഇത്തരമുള്ളൊരു
മാരുതിവചനം ചിത്തരസത്തൊടു കേട്ടുഗരുഡ
ൻ സത്വരമങ്ങുപറന്നുതിരിച്ചങ്ങു അരമരിയാടാ
തെഗമിച്ചു കാരണപുരുഷൻ വാണരുളീടിനദ്വാ
രാവതിപുരിപുക്കഥ ഗരുഡൻവന്ദനചെയ്തിഹനി
ന്നൊരുസമയെ നന്ദകുമാരൻ ചോദ്യംചെയ്തു എ
ന്നുടെ ഗരുഡൻ വന്നൊമ്പതപുന രെങ്ങുഹന്തമാ
ൻ പിറകെവരുന്നൊ നിന്നൊടുകൂടി വരാതെയി
രിപ്പാൻ സംഗതിയില്ലവനെന്തിഹവൈകി മക്ക
ടവരനിഹ ഗോപുരസീമനി പാർക്കുന്നെന്തിനു
പുഴതിലിദാനീം വെക്കംവരുവാൻചൊല്ലീടവനെ
അക്കപിവരനെ വസരമറിയേണ്ടാ അർജ്ജുനസഖി
യുടെ വചനം കേട്ടിഹ ലജ്ജിതനാകിയ വിന

